LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

8 (393) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ട്;

(സി) വനം വകുപ്പിന്റെ തടസ്സങ്ങൾ നീക്കി ഉദുമ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളും വൈദ്യുതീകരിക്കുക വഴി പ്രസ്തുത മണ്ഡലത്തെയും സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് എന്നീ നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉദുമ നിയോജകമണ്ഡലത്തില ദേലം പാടി പഞ്ചായത്തിലെ ചെന്നി അടുക്ക എസ്. സി. കോളനി, നെല്ലിത്തട്ട് എസ്. സി. കോളനി എന്നീ പ്രദേശത്ത് വൈദ്യുതീകരണത്തിനായി വനത്തിലൂടെ എൽ.റ്റി. ഭൂഗർഭ കേബിൾ ഇടുന്ന പ്രവൃത്തികൾക്ക് 59,04,106 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ഇക അടയ്ക്കുന്ന മുറയ്ക്ക് വനം വകുപ്പിൽ നിന്നും അനുമതി വാങ്ങിയതിൻശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ ഇടങ്ങുന്നതാണ്.

വികസന പദ്ധതികൾക്കായി ചെലവഴിച്ച ഇക

9 (394) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസംമുതൽ 2015 ഡിസംബർ 31 വരെയുള്ള കാലയളവിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പുമുഖാന്തരം നടപ്പാക്കിയ വികസനപദ്ധതികൾ വിശദമാക്കാമോ; ഇതിനായി എത്ര ഇക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?